മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ - മേഴ്സി ചാൻസ് എഴുതിയ 2011 ബാച്ച് ബി.പി.റ്റി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട മാർക്ക് നിലനിർത്തി കൊടുക്കാൻ അനുവദിച്ചുക്കൊണ്ടുള്ള അക്കാദമിക് കൗൺസിലിൻെറ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

**സെൽഫ് ഫിനാൻസിങ് വിഭാഗം III**

സ.ഉ.നം.5928/എസ്.എഫ് 3/2/ബി.പി.റ്റി-2011(എം.സി)/2017 തീയതി. പി.ഡി.ഹിൽസ് 03.10.2017

പരാമർശം (01) മെച്ചപ്പെട്ട മാർക്ക് നിലനിർത്തി തരുവാൻ അഭ്യർത്ഥിച്ചുകൊണ്ട് ബി.പി.റ്റി 2011 ബാച്ചിലെ 3 വിദ്യാർത്ഥികൾ പരീക്ഷാ കൺട്രോളർക്ക് സമർപ്പിച്ച അപേക്ഷ

(02) 29.04.2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗനടപടിക്രമത്തിലെ ഇനം നമ്പർ 127/17.06/171321 പ്രകാരമുള്ള തീരുമാനം.

(03) 14.08.2017 ൽ കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗനടപടിക്രമത്തിലെ ഇനം നമ്പർ 44/എസി.17/17228 പ്രകാരമുള്ള തീരുമാനം.

## ഉത്തരവ്

സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷനിലെ 2011 ബാച്ച് ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി കോഴ്സിലെ (ബി.പി.റ്റി.) മൂന്ന് വിദ്യാർത്ഥികൾ തങ്ങളുടെ രണ്ടാം വർഷത്തെ ഇൻേറർണൽ മാർക്ക് മേഴ്സി ചാൻസ് ഉപയോഗിച്ച് മെച്ചപ്പെടുത്താൻ ശ്രമിച്ചുവെങ്കിലും മുൻപ് ലഭിച്ചതിനെക്കാൾ കുറഞ്ഞ മാർക്കാണ് ലഭിച്ചത്. പരാമർശം 01 പ്രകാരം മാർക്ക് മെച്ചപ്പെടുത്തലിന് ഇനിയൊരു അവസരം ഇല്ലാത്തതിനാൽ തങ്ങൾക്ക് ആദ്യം ലഭിച്ച മെച്ചപ്പെട്ട മാർക്ക് നിലനിർത്തി തരുവാൻ അവർ അപേക്ഷിച്ചിരുന്നു. വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം ടി വിഷയം സിൻഡിക്കേറ്റിൻെറ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയും പരാമർശം (02) പ്രകാരം അതു അക്കാദമിക് കൗൺസിലിൻെറ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയുമുണ്ടായി

14.08.2017 ൽ കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗം, പരാമർശം (03) പ്രകാരം മേഴ്സി ചാൻസ് വഴി എഴുതുന്ന പരീക്ഷയിലെ മാർക്ക് കുറഞ്ഞ് പോയാൽ രണ്ട് പരീക്ഷകളിലെ മെച്ചപ്പെട്ട മാർക്ക് നിലനിർത്തി കൊടുക്കാവുന്നതാണെന്ന് തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സാബു തോമസ്
ഡെപ്യൂട്ടി രജിസ്ട്രാർ (സ്വാശ്രയ വിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

01. അപേക്ഷകരായ 3 വിദ്യാർത്ഥികൾ
02. ഡയറക്ടർ സി.പി.എ.എസ്.
03. ജെ ആർ-2 (ഭരണവിഭാഗം)/ജെ ആർ (അക്കാദമിക്)/ജെ ആർ-1 (പരീക്ഷ)
04. ഇ.ഐ - 8 വിഭാഗം
05. വി.സി/ പി.വി.സി- യുടെ പി.എസ്സുമാർ
06. രജിസ്ട്രാർ//സി.ഇ-യുടെ പി.എമാർ
07. ഡി.ആർ/എ.ആർ 4 (പരീക്ഷ)
08. എ.സി.സി വിഭാഗം
09. റെക്കാർഡ്/കണ്ടൻറ് മാനേജ്മെൻറ് വിഭാഗങ്ങൾ
10. സ്റ്റോക്ക് ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം.ഇ.ഐ.8/02/ബി.പി.റ്റി/2017